വർദ്ധിപ്പിച്ച വികലാംഗ പെൻഷൻ നൽകാൻ നടപടി

27 [3469] *ശ്രീ. എ. എ. അസീസ്:*

,, *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗർക്ക് നൽകിവരുന്ന 110 രൂപ വീതമുള്ള പെൻഷൻ 2004-2005 വർഷത്തെ ബജറ്റിൽ 150 രൂപയായി വർദ്ധിപ്പിച്ച് പ്രഖ്യാപനം ഉണ്ടായെങ്കിലും നാളിതുവരെ വർദ്ധിപ്പിച്ച പെൻഷൻ വികലാംഗർക്ക് നൽകിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പെൻഷൻ എന്നത്തേയ്ക്ക് നൽകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) & (ബി) ഉണ്ട്. വികലാംഗ പെൻഷൻ 110 രൂപയിൽ നിന്ന് 150 രൂപയായി വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

അംഗൻവാടികളിലെ ഒഴിവുകൾ നികത്താൻ നടപടി

28 [3471] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അംഗൻവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

അംഗൻവാടികളിലെ ഒഴിവുകൾ

29 [3472] *ശ്രീ. സി. പി. മുഹമ്മദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടികളിൽ ഒഴിവുവന്ന സ്ഥാനങ്ങൾ നികത്തുന്നതിന് പട്ടാമ്പി ബ്ലോക്കിലേക്ക് നിശ്ചയിച്ച കമ്മിറ്റി ഇതുവരെയും വിളിച്ചുകൂട്ടാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അംഗൻവാടികളിൽ താൽക്കാലിക നിയമനം നടത്തുന്നത് റദ്ദ്ചെയ്ത് കമ്മിറ്റി വിളിച്ചുകൂട്ടി ഒഴിവുള്ള തസ്തികകളിൽ സ്ഥിരം നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്ഥിരം നിയമനം നടത്തുന്നതിന് പാലക്കാട് ജില്ലാ സാമൂഹ്യക്ഷേമ ആഫീസർക്ക് സാമൂഹ്യക്ഷേമ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ സ്വന്തമായി കെട്ടിട സൗകര്യമില്ലാത്ത അംഗൻവാടികൾ

30 [3473] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സ്വന്തമായി കെട്ടിട സൗകര്യമില്ലാത്ത എത്ര അംഗൻവാടികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിലേക്ക് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) 175 അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടമില്ല.

(ബി) & (സി) തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന പ്രോജക്ടുകൾ സമർപ്പിച്ച് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ഭരണ നവീകരണ പദ്ധതിയുടെ ഭാഗമായും സംസ്ഥാന ഗവൺമെന്റ് പ്ലാൻ ഫണ്ടിൽ നിന്നും മറ്റും കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് ഘട്ടം ഘട്ടമായി കെട്ടിടം നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

കണ്ണൂർ ജില്ലയിലെ അംഗൻവാടികൾ

31 [3474] *ശ്രീ. കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly